ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ച പരാതി

6 [T1416] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ച് നിരവധി പരാതികൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ന്യായവില പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5-1-2004-ാം തീയതിയിലെ അസാധാരണ ഇലക്ട്രോണിക് ഗസറ്റായി സർക്കാർ പ്രസിദ്ധീകരിച്ച ന്യായവില പട്ടിക പിന്നീട് പിൻവലിച്ചു, തുടർന്ന് ന്യായവിലകളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേൾക്കുന്നതിനായി ഈ ന്യായവില പട്ടിക കരടു ന്യായവിലയായി പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭേദഗതി ചെയ്യപ്പെട്ട 2004-ലെ കേരള മുദ്രപ്പത്ര (ഭൂമിയുടെ ന്യായവില നിശ്ചയിക്കൽ) റൂൾസിലെ റൂൾ (6) പ്രകാരം റവന്യൂ ഡിവിഷണൽ ആഫീസർമാർക്ക് കരടു ന്യായവില പ്രസിദ്ധീകരിച്ച തീയതിമുതൽ 60 (അറുപത്) ദിവസക്കാലം പൊതുജനങ്ങളിൽ നിന്നും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാവുന്നതാണ്. റൂൾ (7) പ്രകാരം ഈ കാലാവധി തീരുന്ന തീയതിമുതൽ അടുത്ത അറുപത് ദിവസത്തിനുള്ളിൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും മുൻഗണനാടിസ്ഥാനത്തിൽ പരിഹരിച്ച് ന്യായവില അന്തിമമായി നിർണ്ണയിക്കേണ്ടതുണ്ട്. ഈ പ്രവർത്തനം റവന്യൂ ഡിവിഷണൽ ആഫീസർ തലത്തിൽ നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

(സി) വസ്തുക്കളുടെ ന്യായവില നിർണ്ണയം സംബന്ധിച്ച പഠനം നടത്താൻ 1997-ൽ അന്നത്തെ ഗവൺമെന്റ് രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും രൂപവൽക്കരിച്ച ന്യായവില നിർണ്ണയ കമ്മറ്റികൾ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് 2001 ഡിസംബറിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റിവ്യൂജ് വെറൽ കമ്മിറ്റി നിർണ്ണയിച്ച ന്യായവില താലൂക്കുതല കമ്മറ്റികൾക്ക് നൽകി. താലൂക്കുതല കമ്മിറ്റികൾ അതു പഠിച്ചതിനുശേഷം ന്യായ വില രജിസ്റ്റർ തയ്യാറാക്കി ആർ.ഡി.ഒ.-യ്ക്ക് നൽകിയിരുന്നു. ആർ.ഡി.ഒ.-മാർ താലൂക്കുതല കമ്മിറ്റികളുടെ റിപ്പോർട്ട് പരിശോധിച്ച് ന്യായവില നിശ്ചയിച്ച് ഭൂമിയുടെ ന്യായ വില ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിരുന്നത്. അതനുസരിച്ച് ആർ.ഡി.ഒ.-മാർ തയ്യാറാക്കിയ ന്യായവില രജിസ്റ്ററുകൾ സംസ്ഥാനത്തെ വില്ലേജാഫീസുകൾ, ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ജില്ലാ രജിസ്ട്രാർ ഓഫീസുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, ആർ.ഡി.ഒ. ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ടി ന്യായ വില സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് നിരവധി പരാതികൾ ലഭിച്ചതിനാൽ ടി ന്യായ വില പട്ടിക പിൻവലിച്ച് സർക്കാർ ഉത്തരവായി. പിൻവലിച്ച ന്യായവില പട്ടിക ആർ.ഡി.ഒ.-മാർ വീണ്ടും കരട് പട്ടികയായി പ്രസിദ്ധീകരിച്ച് 60 ദിവസം വരെ ആക്ഷേപങ്ങൾ സ്വീകരിക്കണമെന്നും, പിന്നീട് ആക്ഷേപങ്ങളിൽ തീരുമാന മുണ്ടാക്കി 60 ദിവസങ്ങൾക്കുള്ളിൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ച് പ്രസിദ്ധീ കരിക്കണമെന്നും നിഷ്കർഷിച്ച് 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഹെയർ വാല്യൂ ഓഫ് ലാന്റ്) റൂൾസിൽ സർക്കാർ മാറ്റം വരുത്തി. ഇതിനെ തുടർന്നുള്ള പ്രവർത്തനങ്ങൾ ആർ.ഡി.ഒ. തലത്തിൽ പുരോഗമിച്ചുവരുന്നു.

ചീരക്കാട് വില്ലേജിന്റെ വിഭജനം

7 [1417] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ ചീക്കോട് വില്ലേജ് വിഭജിച്ച് മുതുവല്ലൂർ വില്ലേജ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എപ്പോൾ രൂപീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കു കളുടേയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly